# കുസൃതി വെളിപ്പെടുത്തിയ ദുഃഖം

നാല്

ഒരു ഗൾഫ് സമ്പന്നന് രണ്ടു കുട്ടികൾ. രണ്ടുപേരും പഠിക്കുന്നു. മൂത്ത കുട്ടി നാട്ടിലും, ഇളയ കുട്ടി ഗൾഫിലും. അച്ഛനെയും അമ്മയെയും അധിക സമയം കാണാതെ ബോർഡിങ്ങിൽ വളർന്ന കുട്ടി. അവന്റെ കുരുന്ന് മനസ്സ് മററു കൂടെ പഠിക്കുന്ന കുട്ടികളുമായി താരതമ്യപ്പെടുത്തി, തന്റെ അനുജനോടാണ് അപ്പനും അമ്മയ്ക്കും താല്പര്യം കൂടുതൽ എന്ന് അവനു തോന്നി. അവന്റെ രൂപം വിരൂപമാണെന്നും തന്റെ അനുജൻ സുന്ദരനാണെന്നും അതുകൊണ്ട് സുന്ദരനായ ഇളയ കുട്ടിയോടാണ് അവർക്ക് താല്പര്യം എന്നും അവനു തോന്നി. ഇളയ കുട്ടിയുമായി ഗൾഫിൽനിന്നു നാട്ടിലെത്തുമ്പോഴൊക്കെ എല്ലാവരും ഇളയ കുട്ടിയെ താലോലിക്കുന്നു എന്ന ചിന്ത അവനിലുണർന്നു. ഇളയ കുട്ടിയോടു പകയായി. അവനെ ഉപദ്രവിച്ചു തുടങ്ങി. ക്രൂരമായ മുഖഭാവത്തോടുകൂടി അവൻ ആരോടും മിണ്ടാതെ ലോകത്തോടുതന്നെ വെറുപ്പു ഭാവിച്ചുകൊണ്ടു നടന്നു. യഥാർത്ഥത്തിൽ അല്പം നിറക്കുറവുണ്ടെങ്കിലും അവനും സൗന്ദര്യമുണ്ട്. പക്ഷെ അതംഗീകരിക്കാൻ അവൻ തയ്യാറല്ല. അമ്മയും അപ്പനും അവനെ വെറുക്കുന്നു എന്നുതന്നെ അവൻ ചിന്തിച്ചു. ''സ്വന്ത രക്തമാണെങ്കിലും ആത്മാർത്ഥതയില്ലാത്ത സ്നേഹം'' അവൻ പറഞ്ഞു നടന്നു. എല്ലാം അഭിനയവും പ്രഹസനവും മാത്രം എന്ന അവന്റെ ചിന്ത എത്രമാത്രം ശരിയാണ്? അച്ഛനമ്മമാരുടെ സ്നേഹത്തിന് യഥാർത്ഥത്തിൽ കുറവൊന്നുമില്ലതാനും. ഇളയ കുട്ടി അവരോടൊത്തു കഴിയുന്നുവെന്നുമാത്രം. ആരും കുററമൊന്നും ചെയ്തിട്ടില്ല. ആത്മാർത്ഥതയിൽ കുറവും കടന്നിട്ടില്ല. ഇവിടെ അച്ഛനമ്മമാരുടെ സ്നേഹം അവന് അനുഭവവേദ്യമായിട്ടില്ല എന്നതാണ് സത്യം. മാനസികമായ അകൽച്ച അറിയാതെ വന്നുചേർന്നു. ഇവിടെ ശ്രദ്ധിക്കേണ്ടത് യഥാർത്ഥത്തിൽ അച്ഛനമ്മമാർ തന്നെയാണ്.

ചെറിയ പ്രശ്നങ്ങൾ എപ്പോഴും വലുതാകും. ചെറുതു് പിഴുതെറിയാൻ സാധിക്കും വലുതായാൽ ... ... ?

സഭയുടെ വളർച്ച, കെട്ടുറപ്പ് എല്ലാം സഭാമക്കളുടെ സ്വകാര്യ ജീവിതത്തിലെ പ്രയാസങ്ങൾ തരണം ചെയ്യെങ്കിലേ സാധിക്കൂ. ദൈവികസ്വഭാവം വളർത്തിയെടുത്താൽ ബാല്യകാലത്തുതന്നെ നന്മകൾ വേർതിരിച്ചറിയാൻ സാധിച്ചാൽ വളർന്നുവരുന്ന സഭാപൗരന്മാർ വിലപ്പെട്ട മുത്തുകളായിരിക്കും.

ഇവിടെ സാഹചര്യങ്ങൾ വഷളാണ്. ക്ഷമയില്ലാത്ത ലോകം. സ്വന്ത താല്പര്യങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്തവരുടെ കൂട്ടം. പാമ്പുകൾ പത്തിയുയർത്തി നിൽക്കുന്നു. തിന്മകൾ തിന്നാൻ കൊതിച്ചു നിൽക്കുന്ന ഹവ്വാ. താൽക്കാലികാശ്വാസത്തോടെ പഴം പറിച്ചു തിന്നുന്നു. എന്നത്തേയ്ക്കും പതനത്തിലേയ്ക്കു വീഴുന്ന ആദങ്ങൾ. അടുത്ത ലക്കത്തിൽ നിങ്ങൾക്ക് അവരെ കാണാം. (തുടരും)

**ടി. എ. പാലമൂട്**

## തിരഞ്ഞെടുത്തു

കോന്നി. അഖില മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ ബാലസമാജത്തിന്റെ കോന്നി ഡിസ്ട്രിക്ട് ഓർഗനൈസറായി വി. ഫിലിപ്പ് മാത്യൂസ് തിരഞ്ഞെടുക്കപ്പെട്ടു. അഖില കേരള ബാലജനസഖ്യത്തിന്റെ സംസ്ഥാന വൈസ് പ്രസിഡന്റായി ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

## ഫാ. അലക്സാണ്ടർ...

(1-ാം പേജിൽനിന്നും തുടർച്ച)

ഫാ. എം. എസ്. ഉമ്മൻ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് പ്രൊഫ സി. എ. ചാക്കോ ചാത്തങ്കേരിൽ സ്വാഗതവും, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ടി. ജെ ജേക്കബ് നന്ദിയും പറഞ്ഞു.

## ഓ. വി. ബി. എസ്സ്. 1990

കോട്ടയം: വിശുദ്ധ മർക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിലെ 17-ാം വാക്യമായ 'എന്നെ അനുഗമിപ്പിൻ, ഓ. വി. ബി. എസ്സിന്റെ 1990-ലേക്കുള്ള വിഷയമായി തിരഞ്ഞെടുത്തു.

അടുത്തവർഷത്തേക്കുള്ള ഒ. വി. ബി. എസ്സിന്റെ പാട്ടുപുസ്തകം തയ്യാറാക്കുന്നതിനായി രചനകൾ ക്ഷണിച്ചിട്ടുണ്ട്. ഗാനങ്ങൾ ചെറുതും, സംഗീതാല്മകവും, കുട്ടികൾക്ക് പഠിക്കുന്നതിന് രസപ്രദവും ലളിതവും ആയിരിക്കണം. ആക്ഷൻ സോംഗ്സ്, മാർച്ചിംഗ് സോംഗ്സ്, പ്രെയർ സോംഗ്സ് എന്നിവ തയ്യാറാക്കി സംഗീതം നൽകിയ കാസററുസഹിതം ഒ. വി. ബി. എസ്സ് സെക്രട്ടറി, ദേവലോകം, കോട്ടയം -38 എന്ന വിലാസത്തിൽ നവംബർ 30-നു് മുൻപായി അയയ്ക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന ഗാനങ്ങൾക്ക് പാരിതോഷികം നൽകുന്നതായിരിക്കും.

## വിവാഹിതരായി



പുതുപ്പറമ്പിൽ പരേതനായ K. J. വർഗീസിന്റെ മകൻ ജോർജ് വർഗീസ് (Babu) ഉം പുത്തൻ കാവ് ചക്കാലയിൽ ശ്രീ. C. M. Mathew -ന്റെ മകൾ Susan Mathew (Sheeba) വും 23-7-89-ൽ തിരുവല്ല പാലിയേക്കര പള്ളിയിൽവെച്ച് മാത്യൂസ് മാർ കൂറിലോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ വിവാഹിതരായി.


**കിഴക്കേടത്തു് ഏജൻസീസ്**

പത്തനംതിട്ട



Authorised dealers:-

**Optonica T. V.** **Beltek T. V.**

**Oscar T. V.** **BPL T. V.**

**Orson T. V.** **Teltronix T. V.**

**Solidair T. V.** **Weston T. V.**

**Leonard refrigerators**



*With Best Compliments from:-*

**ANISH STUDIO**

Kuttapuzha

Thiruvalla





Edited & Published by Shebaly, Printed by Rev C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P O. Kottayam-2 Office Address: Malankara Orthodox Herald Devalokam, Kottayam-686 038